Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

1737/ എൽ/21/കെ.എസ്.എച്ച്.ഓ 24/02/2021

**വിഷയം:** കേരളത്തിലെ പരമ ദരിദ്രരായ കുടുംബങ്ങളെ കണ്ടെത്തി പട്ടിക തയ്യാറാക്കുകയും സൂക്ഷ്മതല പദ്ധതി ആസൂത്രണം ചെയ്യുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

**സൂചന:**(1) 15.01.2021 ലെ ബജറ്റ് പ്രസംഗം പേജ് നം. 87 - 89
(2)ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 19.02.2021 പകൽ 4 ന് മസ്കറ്റ് ഹോട്ടലിൽ ചേർന്ന യോഗത്തിന്റെ മിനിട്സ്.

സമൂഹത്തിലെ നിരാലംബരും അഗതികളുമായിട്ടുള്ളവർക്ക് ആവശ്യമായ സേവനങ്ങൾ എത്തിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുമായി സംസ്ഥാനത്തുടനീളം എല്ലാ ദരിദ്രരായ കുടുംബങ്ങളുടെയും പട്ടിക തയ്യാറാക്കുന്നതിനും സൂക്ഷ്മതല പദ്ധതി ആസൂത്രണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഓരോ പ്രദേശത്തെയും അർഹരായ കുടുംബങ്ങളെ അയൽക്കൂട്ടങ്ങളിലൂടെ കണ്ടെത്തേണ്ടതുണ്ട്. ആദ്യ ഘട്ടത്തിൽ അയൽക്കൂട്ട തലത്തിൽ കുടുംബങ്ങളെ കണ്ടെത്തി പട്ടിക തയാറാക്കും. കണ്ടെത്തുന്ന ഗുണഭോക്താക്കളെ രണ്ടാം ഘട്ടത്തിൽ സർവ്വേ നടത്തി അർഹതാ മാനദണ്ഡങ്ങളിലൂടെ പരിശോധിച്ച് അർഹരായവരുടെ പട്ടിക തയാറാക്കുകയും, അത് പ്രകാരം ഓരോ കുടുംബങ്ങളുടെയും സൂക്ഷ്മ തല പദ്ധതി തയാറാക്കുകയും ചെയ്യും. ആലപ്പുഴയിൽ നടപ്പിലാക്കിയ പി.കെ കാളൻ പദ്ധതി പ്രകാരം ഉള്ളാടർ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മൈക്രോ പ്ലാനുകൾ തയാറാക്കിയ രീതിയിൽ ആണ് പ്രസ്തുത പ്രവർത്തനം നടപ്പിലാക്കുന്നത്.

**അർഹരായ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

- ഒറ്റയ്ക്ക് താമസിക്കുന്ന, മറ്റാരും ആശ്രയത്തിനില്ലാത്ത ആളുകൾ.
- ആകസ്മികമായ ജീവിത സാഹചര്യങ്ങളാൽ സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്നവർ. (ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായ കുടുംബം, ക്രിമിനൽ

കേസുകളിൽ കുടുംബാംഗങ്ങൾ ആരെങ്കിലും ഉൾപെട്ടതുമൂലം സമൂഹം ഒറ്റപെടുത്തിയ കുടുംബം, ട്രാൻസ്ജെൻഡർ, അവിവാഹിതരായ അമ്മമാർ, വിധവകൾ തുടങ്ങിയവർ)

- ശാരീരിക മാനസിക വെല്ലുവിളികൾ, തീരാവ്യാധികൾ പിടിപെട്ടവർ, കിടപ്പ് രോഗികൾ ഉള്ള കുടുംബം.
- കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവർ, അലഞ്ഞു തിരിഞ്ഞു നടക്കുന്നവർ, അനാഥർ.
- തൊഴിൽ നഷ്ടപെട്ട, തുടർന്ന് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർ
- സ്ഥിരമായി തൊഴിലോ,വരുമാനമോ ഉള്ള ഒരാൾ പോലും ഇല്ലാത്ത കുടുംബം
- വാസയോഗ്യമായ ഭവനം ഇല്ലാത്തവരും, ഭൂരഹിതരും ഭവന രഹിതരുമായ കുടുംബം.
- ഭക്ഷണത്തിന് വക കണ്ടെത്താൻ ഒരാൾ പോലും ഇല്ലാത്ത കുടുംബം
- അഗതി രഹിത കേരളം പദ്ധതി ഗുണഭോക്താക്കൾ
- അഗതി രഹിത കേരളം പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാത്ത എന്നാൽ അർഹതപ്പെട്ട ആളുകൾ / കുടുംബം

**ആദ്യ ഘട്ട പ്രവർത്തനങ്ങൾ**

ഗുണഭോക്താക്കളുടെ പട്ടിക തയാറാക്കുകയാണ് ആദ്യ ഘട്ടത്തിലെ പ്രധാന പ്രവർത്തനം. കുടുംബശ്രീ ത്രിതല സംവിധാനം, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തേപ്രാഥമിക പട്ടിക തയാറാക്കുക. അന്തിമ പട്ടിക തയ്യാറാക്കുന്നതിനുള്ള മാർഗ നിർദേശങ്ങൾ പിന്നീട് നൽകുന്നതാണ്. അന്തിമ പട്ടിക തയാറാക്കിയ ശേഷം കുടുംബങ്ങളുടെ സൂക്ഷ്മതല പദ്ധതി തയാറാക്കും.

**അയൽക്കൂട്ടത്തിന്റെ ചുമതലകൾ**

- അയൽക്കൂട്ട പരിധിയിൽ ഉള്ള പരമ ദരിദ്രരായ ആളുകളുടെ/ കുടുംബങ്ങളുടെ വിവരങ്ങൾ അയൽക്കൂട്ട യോഗത്തിൽ ചർച്ച ചെയ്യുകയും പട്ടിക തയ്യാറാക്കുകയും ചെയ്യുക. പട്ടിക തയ്യാറാക്കുമ്പോൾ മുകളിൽ പറഞ്ഞിരിക്കുന്ന അർഹരായ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം.
- ആവശ്യമെങ്കിൽ ടി ആളുകളെയോ/കുടുംബത്തെയോ നേരിട്ട് സന്ദർശിക്കുക

- പ്രാഥമിക പട്ടിക മാത്രമാണ് അയൽക്കൂട്ടങ്ങൾ തയ്യാറാക്കുന്നത്. രണ്ടാം ഘട്ടത്തിൽ സർവ്വേ കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം സർവ്വേ നടത്തി മാത്രമേ അന്തിമ പട്ടിക തയാറാക്കൂ.
- പട്ടിക തയ്യാറാക്കുമ്പോൾ കുടുംബനാഥന്റെ / നാഥയുടെ പേരാണ് എഴുതേണ്ടത്.

പട്ടിക തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

**എ.ഡി.എസ്സിന്റെ ചുമതലകൾ**

- അയൽക്കൂട്ടങ്ങളിൽ നിന്നും ലഭിക്കുന്ന പട്ടിക പരിശോധിക്കുകയും പട്ടികയിൽ ആളുകൾ/കുടുംബങ്ങൾ ആവർത്തിച്ച് വരുന്നുണ്ടെങ്കിൽ ഒഴിവാക്കി പട്ടിക ക്രമീകരിക്കേണ്ടതാണ്.
- വാർഡ് തലത്തിൽ പട്ടിക ക്രോഡീകരിക്കേണ്ടതും, എ.ഡി.എസ് യോഗം ചേർന്ന് പട്ടിക സി.ഡി.എസ്സിലേക്ക് ശുപാർശ ചെയ്യേണ്ടതുമാണ്.

പട്ടിക തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്

**സി.ഡി.എസ്സിന്റെ ചുമതലകൾ**

- സി.ഡി.എസ് ഇതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ അയൽക്കൂട്ടങ്ങൾക്ക് നൽകണം.
- എ.ഡി.എസ്സിൽ നിന്നും ലഭിക്കുന്ന പട്ടിക ക്രോഡീകരിച്ച് സി.ഡി.എസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ജില്ലാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.
- പട്ടികയിൽ ഉൾപ്പെടാത്ത എന്നാൽ പദ്ധതിയിൽ ഭാഗമാകേണ്ട ആളുകളെ സി.ഡി.എസ്സുകൾക്ക് പട്ടിക സമർപ്പിക്കുമ്പോൾ ചേർക്കാവുന്നതാണ്.( ഉദാ: കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നവർ, അലഞ്ഞു തിരിഞ്ഞു നടക്കുന്നവർ, അനാഥർ തുടങ്ങിയവർ)

പട്ടിക തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്

പട്ടികയിൽ ഉൾപ്പെടാത്ത അർഹരായ കുടുംബങ്ങളെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗ്രാമ, ബ്ലോക്ക്, ജില്ലാതലങ്ങളിൽ ക്രോഡീകരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ തലത്തിൽ അന്തിമപട്ടിക തയ്യാറാക്കുമ്പോൾ മാനദണ്ഡങ്ങൾക്കനുസൃതമായി അനർഹരെ ഒഴിവാക്കുന്നതാണ്.

**ജില്ലാ മിഷന്റെ ചുമതലകൾ**

- പട്ടിക തയ്യാറാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ കൃത്യമായ നിർദ്ദേശം ഓരോ സി.ഡി.എസ്സിനും നൽകേണ്ടതാണ്.
- ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിലും ഓരോ ഉദ്യോഗസ്ഥനും (ബ്ലോക്ക് കോഓർഡിനേറ്റർ, ഡി.പി.എം, എൻ.യു.എൽ.എം മാനേജർ, സ്നേഹിത ഉദ്യോഗസ്ഥർ, ട്രൈബൽ അനിമേറ്റർമാർ, തീരദേശ വളണ്ടിയർമാർ, എൻ.യു.എൽ.എം കമ്മ്യൂണിറ്റി ഓർഗനൈസർ തുടങ്ങിയവർക്ക്) ഉത്തരവാദിത്തം നൽകണം.
- തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ലിസ്റ്റ് സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്.

പട്ടിക തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്

ജില്ലകളിൽ നിന്നും ലഭ്യമാകുന്ന ലിസ്റ്റ് അനുസരിച്ച് സംസ്ഥാന തലത്തിൽ പട്ടിക തയ്യാറാക്കും. ആദ്യ ഘട്ടം തയാറാക്കുന്ന ലിസ്റ്റ് രണ്ടാം ഘട്ടം അർഹതാ മാനദണ്ഡങ്ങൾ ഉപയോഗിച്ച് പരിശോധിക്കുകയും ഓരോ പ്രദേശത്തെയും അർഹതപ്പെട്ടവരുടെ പട്ടിക തയാറാക്കുകയും ചെയ്യും. അതിനു ശേഷം ഓരോ കുടുംബങ്ങളുടെയും സൂക്ഷ്മതല പദ്ധതി തയാറാക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ

പകർപ്പ്

1. വെബ് സൈറ്റ്
2. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**അനുബന്ധം : 1**

തദ്ദേശ സ്ഥാപനത്തിന്റെ പേര് :

വാർഡ് :

| ക്രമ. നം | പേര് | വിലാസം | ആധാർ നം | ഫോൺ നം | ബാധകമായ ക്ലേശ ഘടകം (എഴുതി ചേർക്കുക) |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

അയൽക്കൂട്ടത്തിന്റെ പേര്:

(ഒപ്പ്)

(ഒപ്പ്)

സെക്രട്ടറി

പ്രസിഡന്റ്

**അനുബന്ധം : 2**

തദ്ദേശ സ്ഥാപനത്തിന്റെ പേര് :

വാർഡ് :

| ക്രമ. നം | പേര് | വിലാസം | ആധാർ നം | ഫോൺ നം | ബാധകമായ ക്ലേശ ഘടകം (എഴുതി ചേർക്കുക) | തിരഞ്ഞെടുത്ത അയൽക്കൂട്ടം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

മുകളിൽ നൽകിയിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ / കുടുംബങ്ങൾ എന്നിവരെ പരമ ദരിദ്രരുടെ പ്രഥമ പട്ടികയിൽ ഉൾപെടുത്താവുന്നതുന്നതിന് ശുപാർശ ചെയ്യുന്നു.

(ഒപ്പ്)

എ.ഡി.എസ് പ്രസിഡന്റ്

അനുബന്ധം : 3

തദ്ദേശ സ്ഥാപനത്തിന്റെ പേര് :

| ക്രമ. നം | വാർഡ് | പേര് | വിലാസം | ആധാർ നം | ഫോൺ നം | ബാധകമായ ക്ലേശ ഘടകം (എഴുതി ചേർക്കുക) |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

മുകളിൽ നൽകിയിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന ആളുകൾ / കുടുംബങ്ങൾ എന്നിവരെ പരമ ദരിദ്രരുടെ പ്രഥമ പട്ടികയിൽ ഉൾപെടുത്താവുന്നതാണെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

സി.ഡി.എസ് ചെയർപേഴ്സൺ

അനുബന്ധം : 4

ജില്ല :

| ക്രമ. നം | തദ്ദേശ സ്ഥാപനം | വാർഡ | പേര് | വിലാസം | ആധാർ നം | ഫോൺ നം | ബാധകമായ ക്ലേശ ഘടകം (എഴുതി ചേർക്കുക) |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

പരമ ദരിദ്രരുടെ പ്രഥമ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ആളുകൾ / കുടുംബങ്ങൾ എന്നിവരുടെ ലിസ്റ്റ് സമർപ്പിക്കുന്നു.

(ഒപ്പ്)

ജില്ല മിഷൻ കോഓർഡിനേറ്റർ